ടി.കെ ആലുവ
തയാറാക്കിയത്: റഷാദ് ആലുവ

# പറവൂരിലെ ആദ്യ ഹൽഖ



**നാടാകെ ബഹിഷ്കരണം പ്രഖ്യാപിച്ചപ്പോൾ എന്റെ സഹപ്രവർത്തകർക്ക് സ്വന്തം കുടുംബത്തിലെങ്കിലും പിടിച്ചു നിൽക്കാൻ കഴിഞ്ഞു. പക്ഷേ, എനിക്കതിനും കഴിഞ്ഞില്ല. ബാപ്പക്ക് പ്രശ്നമൊന്നുമില്ല. ഉമ്മക്ക് സ്നേഹമുണ്ടെങ്കിലും മുസ്‌ലിയാക്കന്മാരെ വെറുപ്പിച്ചാൽ കുറ്റം കിട്ടുമെന്ന് വിശ്വസിച്ചിരുന്നതിനാൽ അവർ ഏറെ ദുഃഖിതയായിരുന്നു.**

**1954**ൽ കെ.പി. അബ്ദുൽ അസീസും ഞാനും കൂടി പറവൂർ വടക്കേക്കര പട്ടണത്തുള്ള മമ്മുകുഞ്ഞുഹാജിയുടെ വീട്ടിൽ ചെന്നു. അദ്ദേഹം പുരോഗമന ആശയക്കാരനും അറിയപ്പെട്ട വ്യാപാരിയുമായിരുന്നു. ഞങ്ങൾ അദ്ദേഹത്തെ നേരിൽകണ്ട് ഇസ്‌ലാമിക പ്രസ്ഥാനത്തെക്കുറിച്ച് ദീർഘനേരം സംസാരിച്ചു. കൂടുതൽ പഠിക്കുന്നതിനായി *പ്രബോധന*ത്തിന്റെ വരിക്കാരനാക്കുകയും *ഇസ്‌ലാമും ജാഹിലിയത്തും*, *ഖുത്വുബാത്ത്* എന്നീ പുസ്തകങ്ങൾ നൽകുകയും ചെയ്ത ശേഷമാണ് അവിടെനിന്ന് മടങ്ങിയത്.

കുറച്ചു ദിവസങ്ങൾക്കു ശേഷം വീണ്ടും മമ്മുക്കുഞ്ഞു ഹാജിയുടെ വീട്ടിൽ ചെന്നു. അപ്പോഴേക്കും ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ആശയാദർശങ്ങളോട് അദ്ദേഹം ഉൾച്ചേർന്നു കഴിഞ്ഞിരുന്നു. ജമാഅത്തെ ഇസ്‌ലാമിയുടെ കേരളാ അമീർ ഹാജി മുഹമ്മദലി സാഹിബ് എറണാകുളം ജില്ലയിലേക്ക് വരുന്നുണ്ടെന്ന സന്തോഷവാർത്തയുമായാണ് ഞാൻ ചെന്നത്. അദ്ദേഹം അമീറിനെ നേരിൽ കാണാൻ താൽപര്യം പ്രകടിപ്പിച്ചു. അന്ന് മമ്മുകുഞ്ഞ് ഹാജിയുടെ വീട്ടിൽ താമസിച്ച ശേഷം അടുത്ത ദിവസം രാവിലെയാണ് ഞാൻ തിരിച്ചു പോന്നത്. അമീറിന്റെ വരവ് നേരത്തേ അറിയിച്ചതിനാൽ, ഒരു യോഗത്തിനുള്ള സജ്ജീകരണങ്ങൾ നേരത്തെ ചെയ്തിരുന്നു. പല ആളുകളെയും ആ യോഗത്തിലേക്ക് ക്ഷണിക്കുകയും ചെയ്തു.

1954 ഒക്ടോബറിൽ ഞാനും ഹാജി സാഹിബും ഇസ്സുദ്ദീൻ മൗലവിയും കൂടി മമ്മുക്കുഞ്ഞ് ഹാജിയുടെ വീട്ടിൽ ചെന്നു. അവിടെ സംഘടിപ്പിച്ച യോഗത്തിൽ ഹാജി സാഹിബ് പ്രസ്ഥാനത്തെ പരിചയപ്പെടുത്തി സംസാരിച്ചു. പ്രസ്ഥാനത്തിന്റെ ആവശ്യകത അദ്ദേഹം ഊന്നിപ്പറഞ്ഞു. അവിടെ ഒത്തുകൂടിയവരുടെ ചോദ്യങ്ങൾക്ക് മറുപടി നൽകി. യോഗം കഴിഞ്ഞതിനു ശേഷം ഹാജി സ്വാഹിബ് മമ്മുകുഞ്ഞ് ഹാജിയെ വിളിച്ച് ആ പ്രദേശം കേന്ദ്രീകരിച്ച് ഒരു ഹംദർദ് ഹൽഖ രൂപീകരിക്കുന്നതിനെക്കുറിച്ച് ആലോചിച്ചു. അതിനുള്ള ഏർപ്പാടുകൾ ചെയ്യാൻ മമ്മുകുഞ്ഞ് ഹാജിയെ നിയോഗിച്ച് ഞങ്ങൾ മടങ്ങി.

1955 ന്റെ തുടക്കത്തിൽ ഞാനും കെ.പി. അബ്ദുൽ അസീസും പള്ളുരുത്തി ഹാജിയും ജബ്ബാർ മൗലവിയും കൂടി മരം കയറ്റി അയക്കുന്ന ഒരു ബിസിനസിനെക്കുറിച്ച് ആലോചിക്കുന്നതിനായി ബോംബെയിലേക്കു പോയി. മമ്മുകുഞ്ഞ് ഹാജിയുടെ സഹോദരനും ബോംബെയിലെ ബിസിനസുകാരനുമായിരുന്ന അബ്ദുൽ കരീമിനെ കാണാനായിരുന്നു യാത്ര. അദ്ദേഹത്തെ നേരിൽകണ്ട് ബിസിനസിനെക്കുറിച്ച് സംസാരിച്ചു. അതോടൊപ്പം ഇസ്‌ലാമിക പ്രസ്ഥാനത്തെ വിശദമായി പരിചയപ്പെടുത്തി. അതിൽ ആകൃഷ്ടനായ അദ്ദേഹം തന്റെ ജേഷ്ഠനായ മമ്മുകുഞ്ഞ് ഹാജിയുടെ സഹായത്തോടെ സ്വദേശമായ പറവൂർ വടക്കേകരയിൽ ഒരു ഹംദർദ് ഹൽഖ രൂപീകരിക്കാൻ താൽപര്യം പ്രകടിപ്പിക്കുകയും അതിന്റെ ഭാഗമായി (1955 മാർച്ചിലോ ഏപ്രിലിലോ എന്ന് ഓർമയില്ല) വടക്കേക്കരയിൽ ഒരു യോഗം വിളിച്ചു ചേർക്കുകയും ചെയ്തു. അതിൽ ഞാനും ഹാജി സാഹിബും സംബന്ധിച്ചു. മഗ്‌രിബിനു ശേഷം നടന്ന യോഗത്തിൽ ഹാജി സാഹിബ് പ്രസംഗിച്ചു. വശ്യസുന്ദരമായ ആ പ്രസംഗത്തിനുശേഷം അവിടെ കൂടിയിരുന്ന 11 പേരെ ഉൾപ്പെടുത്തി ഒരു ഹംദർദ്

ഹൽഖ രൂപീകരിച്ചു. മമ്മുകുഞ്ഞ് ഹാജി ഹൽഖയുടെ നാസിമായി തെരഞ്ഞെടുക്കപ്പെട്ടു. ആ പ്രദേശത്ത് പ്രസ്ഥാന വ്യാപനത്തിനായുള്ള സ്ക്വാഡുവർക്കുകളും നടന്നു.

ഹംദർദ് ഹൽഖ രൂപീകരിച്ചതിനു ശേഷം ആദ്യ റമദാനിൽ വടക്കേക്കര പള്ളിയിൽ ഇ.വി. ആലിക്കുട്ടി മൗലവിയുടെ ക്ലാസ്സ് സംഘടിപ്പിച്ചു. അമ്പതോളം പേർ ആ പരിപാടിയിൽ സംബന്ധിച്ചിരുന്നു. ഇ.വി. ആലിക്കുട്ടി മൗലവിയുടെ ആ പരിപാടി പറവൂർ വടക്കേക്കര പ്രദേശത്തിന്റെ പ്രസ്ഥാന വളർച്ചക്ക് ഏറെ സഹായകമായി.

1957 ൽ വടക്കേക്കര മുല്ലശ്ശേരി പാലത്തിനു സമീപം മമ്മുകുഞ്ഞ് ഹാജിയുടെ സഹോദരനായ സൈദാലിയുടെ പറമ്പിൽ പന്തലു കെട്ടി കൊച്ചി ഫർഖ സമ്മേളനം സംഘടിപ്പിച്ചു. സമ്മേളനത്തിൽ ഹാജി സാഹിബും ഇസ്സുദ്ദീൻ മൗലവിയും മൊയ്തു മൗലവിയും എസ്.എം. ഹനീഫ സാഹിബും കുറ്റിപ്പുഴ മുഹമ്മദ് മൗലവിയും അബ്ദുൽ ജബ്ബാർ മൗലവിയും സി.കെ. കോയ സ്വാഹിബും സംബന്ധിച്ചിരുന്നു. നേതാക്കളുടെ പ്രസംഗം ശ്രവിക്കാനായി ധാരാളം ആളുകൾ പന്തലിൽ ഒരുമിച്ചു കൂടി. ആ സമ്മേളനത്തിന്റെ ഫലമെന്നോണം, 1957ൽ ആലുവയിൽ നടന്ന ജമാഅത്തെ ഇസ്‌ലാമി സംസ്ഥാന സമ്മേളനത്തിൽ പ്രദേശവാസികളായ മുപ്പതിലധികം ആളുകൾ കാൽനടയായി എത്തിച്ചേർന്നു. സമ്മേളന നഗരി ലക്ഷ്യംവെച്ച് രാത്രി തന്നെ വീട്ടിൽനിന്ന് ഇറങ്ങിത്തിരിച്ചവരും കൂട്ടത്തിലുണ്ടായിരുന്നു.

1955ലെ ഒരു വേനലവധിക്കാലത്ത് അരണ്ട നിലാവെളിച്ചത്തിൽ തൂക്കുവിളക്കിന്റെ സഹായത്തോടെ മമ്മുകുഞ്ഞ് ഹാജിയുടെ വീട്ടിൽ ഒരുമിച്ചുകൂടിയ 11 പേരിൽനിന്ന് പ്രസ്ഥാനം വളർന്നു. 1974 ആയതോടെ ആ പ്രദേശം വിശാലമായ പറവൂർ ഫർഖയായി മാറി. ആ പഴയ പറവൂർ ഫർഖയുടെ സ്ഥാനത്ത് ഇന്ന് എട്ട് ഏരിയകളുണ്ട്. നെടുമ്പാശ്ശേരി, കരുമാല്ലൂർ, മന്നം, പാനായിക്കുളം, കോട്ടുപള്ളി, പറവൂർ, എടവനക്കാട്, വൈപ്പിൻ തുടങ്ങിയ പ്രദേശങ്ങൾ പറവൂർ ഫർഖയുടെ കീഴിലായിരുന്നു.



മമ്മുക്കുഞ്ഞു ഹാജി



കെ.പി അസീസ്

**1955ലെ ഒരു വേനലവധിക്കാലത്ത് അരണ്ട നിലാവെളിച്ചത്തിൽ തൂക്കുവിളക്കിന്റെ സഹായത്തോടെ മമ്മുകുഞ്ഞ് ഹാജിയുടെ വീട്ടിൽ ഒരുമിച്ചുകൂടിയ 11 പേരിൽനിന്ന് പ്രസ്ഥാനം വളർന്നു. 1974 ആയതോടെ ആ പ്രദേശം വിശാലമായ പറവൂർ ഫർഖയായി മാറി. ആ പഴയ പറവൂർ ഫർഖയുടെ സ്ഥാനത്ത് ഇന്ന് എട്ട് ഏരിയകളുണ്ട്.**

### വഹാബികൾക്കെതിരെ നാൽപ്പതു ദിവസത്തെ വഅള്

വഹാബികൾ മുഹ്‌യുദ്ദീൻമാല കഴിക്കാത്തവരാണ്, റാത്തീബും മൗലൂദും നഫീസത്തുമാലയുമെല്ലാം അവർക്കു ഹറാമാണ് എന്നിത്യാദി പ്രചാരണങ്ങളുമായി വഹാബികളുടെ നിലപാടിനെതിരെ നാട്ടിലുടനീളം ശക്തമായ വഅളുപരമ്പരകൾ നടക്കുന്ന കാലമാണ്. ആ വേളയിലാണ് 'സൈഫുൽ വഹാബി' അബ്ദുല്ലാ മുസ്‌ലിയാർ തോട്ടുമുഖത്ത് 40 ദിവസത്തെ വഹാബി വിരുദ്ധ വഅളു പരമ്പര സംഘടിപ്പിക്കുന്നത്. വഅളിന്റെ പകുതി ദിവസം ജമാഅത്തുകാർക്കെതിരെയും ബാക്കി സലഫികൾക്കെതിരെയുമായിരുന്നു. ജമാഅത്തുകാരെക്കുറിച്ചു പറയുന്നത്, വഹാബി മൗദൂദികൾ കാഫിറുകളാണ്, അവരെ പള്ളിയിൽ കയറ്ററുത്, ചായക്കടയിൽനിന്ന് ചായകൊടുക്കരുത്, അഥവാ കൊടുത്താൽത്തന്നെ ഗ്ലാസ്സ് കഴുകി വാങ്ങണം (അക്കാലത്ത് പറയ/പുലയ വിഭാഗക്കാർക്ക് ചായ കൊടുത്താൽ ഗ്ലാസ് കഴുകി വാങ്ങാറുണ്ടായിരുന്നു), മരിച്ചാൽ ആരും സന്ദർശിക്കരുത്, പള്ളിപ്പറമ്പിൽ മൃതദേഹം ഖബറടക്കാൻ അനുവദിക്കരുത് എന്നൊക്കെയായിരുന്നു.

തോട്ടുമുഖത്തെ നാൽപ്പതുദിവസത്തെ വഅളുപരമ്പരക്കു ശേഷം തായിക്കാട്ടുകര പള്ളി അങ്കണത്തിൽ അബ്ദുല്ല മുസ്‌ലിയാരുടെ വഹാബി വിരുദ്ധ വഅള് പരമ്പര നിശ്ചയിച്ചു. പരിപാടിയുടെ നോട്ടീസ് അടിച്ചിറക്കി. അതിനിടെ ഒരു ദിവസം ഞാനും കെ.ബി. ഹൈദ്രോസ്സും മോസ്കോമൗലവിയും കൂടി തായിക്കാട്ടുകര പള്ളിയിൽ നമസ്കരിക്കാൻ ചെന്നു. പള്ളിയിൽ പ്രവേശിക്കാനായി കാലുകഴുകിക്കൊണ്ടു നിൽക്കുന്ന സമയത്താണ് വടക്കുനിന്ന് നാൽപ്പതോളം പേരുടെ അകമ്പടിയോടെ അബ്ദുല്ല മുസ്‌ലിയാർ കടന്നു വരുന്നത്. അദ്ദേഹത്തെ നേരിൽ കണ്ടതോടെ ഞങ്ങൾക്ക് അമർഷം നുരഞ്ഞുപൊന്തി. എങ്കിലും ക്ഷമയോടെ പിടിച്ചുനിന്നു. അദ്ദേഹം അടുത്തെത്തിയപ്പോൾ ഞങ്ങളുടെ കൂട്ടത്തിൽ ഒരാൾ പുഛത്തോടെ ഉച്ചത്തിൽ ചോദിച്ചു. ഇയാളാണോ അബ്ദുല്ലാ മുസ്‌ലിയാർ? ഈ വാക്കുകൾകേട്ട അബ്ദുല്ലാ മുസ്‌ലിയാർ ഭയന്ന് ഉടൻ സ്ഥലം വിട്ടു. ഇത്രയും വലിയ സംഘത്തിനു മുന്നിൽ വെച്ച് യാതൊരു കൂസലുമില്ലാതെ ഇപ്രകാരം പറയുന്നവർ എന്തും നേരിടാൻ മടിക്കുകയില്ലെന്ന് മുസ്‌ലിയാർക്ക് മനസ്സിലായി.

ഈ സംഭവത്തോടെ പ്രസംഗപരമ്പര പള്ളിപ്പരിസരത്തുനിന്ന് തോപ്പിലെ വീരാൻകുട്ടിക്കാക്കയുടെ വീട്ടുമുറ്റത്തേക്കു മാറ്റി. പ്രസംഗ പരമ്പര മാറ്റിയതായി നോട്ടീസും അടിച്ചിറക്കി. പരിസര പ്രദേശങ്ങളിലുള്ള മല്ലന്മാരും തന്റേടികളുമായ സുന്നികളെ സംഘടിപ്പിച്ച് മുസ്‌ലിയാർക്ക് അംഗരക്ഷകരെ നിശ്ചയിച്ച് പ്രസംഗം തുടർന്നു.

### പള്ളിവിലക്ക്

എന്റെ വിവാഹത്തോട് കുടുംബ

ബന്ധുക്കൾക്കെല്ലാം എതിർപ്പായിരുന്നതിനാൽ അവരുടെ സഹകരണം വേണ്ടത്ര ലഭിച്ചിരുന്നില്ല. അതിനാൽത്തന്നെ സുന്നി വിഭാഗക്കാരുടെ എതിർപ്പ് ശക്തമായി. നാടാകെ ബഹിഷ്കരണം പ്രഖ്യാപിച്ചപ്പോൾ എന്റെ സഹപ്രവർത്തകർക്ക് സ്വന്തം കുടുംബത്തിലെങ്കിലും പിടിച്ചുനിൽക്കാൻ കഴിഞ്ഞു. പക്ഷേ, എനിക്കെതിനും കഴിഞ്ഞില്ല. ബാപ്പക്ക് പ്രശ്നമൊന്നുമില്ല. ഉമ്മക്ക് സ്നേഹമുണ്ടെങ്കിലും മുസ്‌ലിയാക്കന്മാരെ വെറുപ്പിച്ചാൽ കുറ്റം കിട്ടുമെന്ന് വിശ്വസിച്ചിരുന്നതിനാൽ അവർ ഏറെ ദുഃഖിതയായിരുന്നു. ആ സന്ദർഭത്തിൽ ഞാനും എന്റെ കുടുംബവും തറവാടുവീടിന്റെ പിറകുവശത്തുണ്ടായിരുന്ന കാലിത്തൊഴുത്ത് വൃത്തിയാക്കി നന്നായി മറച്ചതിനുശേഷം അങ്ങോട്ടു താമസം മാറ്റി. അപ്പോഴേക്കും പള്ളിയിൽ നിന്ന് 'കുടിവിലക്ക്' പ്രഖ്യാപിച്ചു കഴിഞ്ഞിരുന്നു. ജമാഅത്തുകാർ മരിച്ചാൽ സംസ്കരണച്ചടങ്ങുകളിൽ പങ്കെടുക്കരുത്. സ്വന്തം കുടുംബങ്ങളിൽനിന്ന് പെൺകുട്ടികളെ വിവാഹം ചെയ്തുകൊടുക്കുകയോ വൈവാഹിക കർമങ്ങളിൽ പങ്കെടുക്കുകയോ ചെയ്യരുത്, ഒസ്സാന്മാർ (ക്ഷുരകന്മാർ) മുടിവെട്ടിക്കൊടുക്കരുത്, ചായക്കടയിൽനിന്ന് ചായകൊടുക്കരുത്, അഥവാ കൊടുത്താൽത്തന്നെ ചായകുടിച്ചശേഷം ഗ്ലാസ് കഴുകി വാങ്ങണം, മരിച്ചാൽ പള്ളിയിൽ ഖബറടക്കാൻ അനുവദിക്കില്ല, ഇങ്ങനെ നീണ്ടുപോകുന്നു വിലക്കുകളുടെ പട്ടിക.

### ഖബറടക്കാൻ വിലക്ക്

പള്ളിയിൽനിന്ന് കുടിവിലക്ക് പ്രഖ്യാപിച്ച സന്ദർഭത്തിലാണ് തായിക്കാട്ടുകരയിലെ ജമാഅത്തുകാരനായ കെ.കെ ഹസൈനാർ സാഹിബിന്റെ ഒരു കുട്ടി അസുഖം ബാധിച്ച് മരണപ്പെടുന്നത്. പള്ളിവിലക്കുള്ളതിനാൽ ആരുടെയും സഹകരണമില്ല. മരിച്ച വീട്ടിലേക്ക് ഒരാളും കടന്നുവരുന്നുമില്ല. അവസാനം ഞങ്ങൾതന്നെ മയ്യിത്തുകുളിപ്പിച്ച് നമസ്കരിച്ചതിനുശേഷം പള്ളിയിലേക്കു കൊണ്ടുപോയി. ഞാനും മോസ്കോ മൗലവിയും കത്തി ഉയർത്തിപ്പിടിച്ച് മുന്നിൽ നടന്നു. പള്ളിയിലെത്തിയപ്പോൾ മയ്യിത്ത് ഒരു ഭാഗത്തുവെച്ചതിനുശേഷം ഖബർ കുഴിച്ചു. ആ സന്ദർഭത്തിൽ ഒരു സംഘം ആളുകൾ ഖബർ കുഴിക്കുന്നത് തടയാനെത്തി. അരയിൽ കരുതിവെച്ചിരുന്ന കത്തി ഊരിയെടുത്ത് ഉയർത്തിക്കാണിച്ച് ഞാൻ പരുഷസ്വരത്തിൽ പറഞ്ഞു: 'ഞങ്ങളെ തടയാൻ ശ്രമിക്കരുത്. ആരെങ്കിലും അടുത്തുവന്നാൽ കൈയും കാലും വെട്ടിക്കളയും.' ഞങ്ങളുടെ രണ്ടും കൽപ്പിച്ചുള്ള ഭീഷണിയുടെ സ്വരം കേട്ടപ്പോൾ അവർ പിൻമാറി. യാതൊരു പ്രശ്നവുമില്ലാതെ മയ്യിത്ത് ഖബറടക്കി. മയ്യിത്തിനുവേണ്ടി പ്രാർഥിച്ചതിനുശേഷം ഞങ്ങൾ അവിടെ നിന്നു മടങ്ങി.



വിദേശപ്രതിനിധികൾക്കൊപ്പം

**ഒമ്പതുവർഷത്തെ ഇടവേളക്കു ശേഷം നടത്തിയ സമ്മേളനം അക്കാലത്തിനിടക്ക് സംസ്ഥാനത്ത് പ്രസ്ഥാനത്തിനുണ്ടായ അഭൂതപൂർവമായ വളർച്ച കാണിക്കുന്നതായിരുന്നു. 10000 പുരുഷന്മാർക്കും 2000 സ്ത്രീകൾക്കും ഇരിക്കാനുള്ള പന്തലാണ് പ്രതിനിധിസമ്മേളനത്തിന് ഒരുക്കിയിരുന്നത്. പൊതുസമ്മേളനത്തിൽ അരലക്ഷത്തിലധികം ആളുകൾ എത്തിയതായാണ് കണക്ക്.**

മറ്റൊരിക്കൽ പള്ളിവിലക്കുള്ള സമയത്ത് ഒരു മയ്യിത്ത്(ആരുടെതാണെന്ന് ഓർക്കുന്നില്ല) പള്ളിയിൽ കൊണ്ടുവെച്ച് മയ്യിത്ത് നമസ്കരിച്ച് തിരിച്ചുപോന്നു. അവസാനം പള്ളിക്കമ്മിറ്റിക്കാർ തന്നെ ഖബർ കുഴിച്ച് മയ്യിത്ത് മറവുചെയ്തു.

### കല്യാണ വീട്ടിലും വിലക്ക്

തായിക്കാട്ടുകരയിലുള്ള കെ.ബി. അബ്ദുല്ലയുടെ(അബ്ദുല്ല കൊച്ചാപ്പ) കല്യാണ ദിവസം നിക്കാഹിനായി പള്ളിയിൽനിന്ന് മുസ്‌ലിയാരെത്തി. പള്ളിവിലക്കുള്ള സമയമായതിനാൽ എന്നെയും കെ.ബി അബ്ദുല്ലയുടെ ജ്യേഷ്ഠൻ കെ.ബി ഹൈദ്രോസ്സിനെയും കണ്ട ഉടനെ മുസ്‌ലിയാർ മണവാളന്റെ നേരെ തിരിഞ്ഞു പറഞ്ഞു: 'ഈ രണ്ടു ആളുകളെ ഇവിടെനിന്നു മാറ്റാതെ നിക്കാഹ് നടത്തുകയില്ല.' ഇതു കേട്ടപ്പോൾ മണവാളനായിരുന്ന അബ്ദുല്ല എഴുന്നേറ്റു നിന്ന് അൽപ്പം ശബ്ദം ഉയർത്തിപ്പറഞ്ഞു: (എന്നെ ചൂണ്ടിയിട്ട്) 'ഇതെന്റെ അനുജനും മറ്റേത് എന്റെ ജ്യേഷ്ഠനുമാണ്. ഇവരുടെ സാന്നിധ്യത്തിൽ നിക്കാഹ് നടത്താൻ കഴിയുമെങ്കിൽ മാത്രം നടത്തിയാൽ മതി.' രംഗം വഷളാകുമെന്ന് മനസ്സിലാക്കി മുസ്‌ലിയാർ നിക്കാഹ് നടത്തി ഉടനെ സ്ഥലം വിട്ടു.

### ഓലഷെഡ്ഡിലെ ജീവിതം

തായിക്കാട്ടുകരയിലെ കെ.കെ ഹസൈനാർ സാഹിബിന്റെ കുട്ടിയുടെ മരണവാർത്തയും അതേത്തുടർന്നുണ്ടായ സംഭവങ്ങളും പള്ളിവിലക്കും കൂടി കേട്ടപ്പോൾ എന്റെ ഉമ്മയുടെ ഭയം വർധിച്ചു. തന്റെയും അവസ്ഥ അതായിരുക്കുമെന്ന് കരുതിയ ഉമ്മയുടെ മാനസികാവസ്ഥ മനസ്സിലാക്കി വീട്ടിൽനിന്ന് മാറിത്താമസിക്കാൻ തീരുമാനിച്ചു.

ഞങ്ങളുടെ പുരയിടത്തിന്റെ പിൻവശത്ത് തായിക്കാട്ടുകരയിലെ അലിയാർ ഒരു വീടു വെച്ചിട്ടുണ്ടായിരുന്നു. അത് ഒഴിഞ്ഞു കിടന്നിരുന്നതിനാൽ കുറച്ചു കാലം അവിടെ താമസിക്കാൻ അനുമതി ലഭിച്ചു. ആ കാലത്ത് കൊച്ചിയിലെ അബ്ദുൽ ജബ്ബാർ മൗലവി കളമശ്ശേരിയിൽ ഒരു പുകയിലക്കട തുടങ്ങി. അവിടെ എനിക്കൊരു ജോലിയും കിട്ടി. സന്തോഷത്തോടെ മുന്നോട്ടുപോകുന്ന വേളയിലാണ് കടബാധ്യത പെരുകിയതിനാൽ അലിയാർ വീടുവിൽക്കാൻ തീരു

മാനിക്കുന്നത്. ഇനി എന്തു ചെയ്യും? താമസിക്കാനൊരു ഇടമില്ല. അങ്ങനെ ഇന്നു താമസിക്കുന്ന സ്ഥലത്ത് ഒരു ഷെഡ്ഡു കെട്ടി താമസിക്കാൻ തീരുമാനിച്ചു. കുറെ മുളകളും ഏതാനം തൂണുകളും ശേഖരിച്ച് സ്വന്തമായി ഷെഡ്ഡുകെട്ടാൻ തുടങ്ങി. കുഴിച്ചിട്ട തൂണിനുമുകളിൽ കയറി മുളയുടെ ഒരു ഭാഗം കെട്ടുമ്പോൾ മറുതല തെന്നി താഴെ വീഴും. നിരങ്ങിവന്ന് മറ്റെ തലയും കെട്ടും. അങ്ങനെ ഷെഡ്ഡിന്റെ പണി പൂർത്തിയാക്കി. മുകൾ ഭാഗം ഓലകൊണ്ട് മേഞ്ഞു. പിന്നാക്ക വിഭാഗക്കാരനായ കുഞ്ഞയ്യപ്പനെക്കൊണ്ട് ചെളികുഴപ്പിച്ച് ഇഷ്ടികയാക്കി ഉണക്കി ഭിത്തി നിർമിച്ചു. ചെളികൊണ്ടുതന്നെ തറമെഴുകി. ഞാനും ഭാര്യയും കുട്ടികളും കൂടി കീറിപ്പറിഞ്ഞ ഒരു പായ വിരിച്ച് സുഖമായി കിടന്നുറങ്ങി. ഒറ്റക്ക് ഷെഡ്ഡുകെട്ടുന്നത് കുടുംബക്കാരിൽ പലരും കണ്ടെങ്കിലും ആരും സഹായിക്കാൻ മുന്നോട്ടുവന്നില്ല. അവർ പുറംതിരിഞ്ഞുപോകുന്നതുകാണുമ്പോൾ സങ്കടം വരാറുണ്ട്. ആ സമയത്തും ആശ്വാസമേകിയിരുന്നത് പ്രസ്ഥാന പ്രവർത്തകരുടെ അകമഴിഞ്ഞ സഹായവും സാന്നിധ്യവുമായിരുന്നു.

### ഇബ്റാഹീം നബിയുടെ മാതൃക

കൊച്ചിയിലെ അബ്ദുൽ ജബ്ബാർ മൗലവിയുടെ ഖുർആൻ ക്ലാസ്സിൽ പതിവായി പങ്കെടുത്തിരുന്നു. ഇബ്റാഹീം നബി(അ)യുടെ ത്യാഗപൂർണമായ ജീവിതമായിരുന്നു അദ്ദേഹത്തിന്റെ ക്ലാസിലെ മുഖ്യ വിഷയം. അതിൽ ആകൃഷ്ടനായി, എന്റെ കുടുംബത്തിൽ ജനിക്കുന്ന ഓരോ കുട്ടിക്കും ഇബ്റാഹീം നബി(അ)യുടെ കുടുംബാംഗങ്ങളുടെ പേരുവിളിക്കാൻ തീരുമാനിച്ചു. അതിനുശേഷം പിറന്ന കുട്ടികൾക്ക് ഇബ്റാഹീം, ഇസ്മാഈൽ, ഇസ്ഹാഖ്, ഹാജറ എന്നിങ്ങനെ പേരിട്ടു. ഇസ്ഹാഖ് ആറാം വയസ്സിൽ മരണപ്പെട്ടു. പിന്നീട് ജനിച്ച കുട്ടിക്ക് യഅ്ഖൂബ് എന്ന് പേരിട്ടെങ്കിലും വിളിക്കാനുള്ള പ്രയാസംകൊണ്ട് സലീം എന്നാക്കി. മറ്റുള്ളവർക്ക് ബഷീർ, അബ്ദുർഹീം എന്നിങ്ങനെ പേരുകൾ നൽകി.

### പ്രസ്ഥാന പ്രവർത്തകരുടെ വക ഹോട്ടൽ

വീട്ടിൽ കടുത്ത ദാരിദ്ര്യമാണ്. പ്രത്യേകിച്ച് ജോലിയൊന്നുമില്ല. എങ്കിലും പ്രസ്ഥാന പരിപാടികളിൽ മുടക്കം വരുത്തിയിരുന്നില്ല. കഠിനമായ വിശപ്പ് സഹിച്ചുകൊണ്ടാണെങ്കിൽ പോലും എവിടെയും ഓടിയെത്തും. തന്റെ ദാരിദ്ര്യം ആരും അറിയരുതെന്ന ഒരൊറ്റ പ്രാർഥന മാത്രമേ അന്നുണ്ടായിരുന്നുള്ളൂ. അധികം വൈകാതെതന്നെ എന്റെ കഷ്ടപ്പാടുകൾ എങ്ങനെയോ പ്രസ്ഥാനബന്ധുക്കൾ അറിയാനിടയായി. അവർ ഞാനറിയാതെ യോഗം ചേർന്ന് നിത്യവൃത്തിക്കായി ഒരു ഹോട്ടൽ ഏർപ്പാടാക്കിത്തരാൻ തീരുമാനിച്ചു. കമ്പനിപ്പടിയിൽ ഒരു കടമുറി വാടകക്കെടുത്ത് പ്രസ്ഥാനബന്ധുക്കളുടെ സഹായത്തോടെ ഹോട്ടൽ തുടങ്ങി. പക്ഷേ, പ്രസ്ഥാന പ്രവർത്തനങ്ങളുടെ ആധിക്യം മൂലം അധികനാൾ ഹോട്ടൽ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കാതെ അടച്ചുപൂട്ടേണ്ടിവന്നു.

### അബ്ദുൽ ജബ്ബാർ മൗലവിയുടെ സൽക്കാരം

ജീവിതത്തിലെ കടുത്ത പട്ടിണിയും ദാരിദ്ര്യവും മറച്ചുവെച്ച് പ്രസ്ഥാനപ്രവർത്തനവുമായി മുന്നോട്ടുപോകുന്നതിനിടയിൽ അബ്ദുൽ ജബ്ബാർ മൗലവിയുടെയും പള്ളുരുത്തി ഹാജിയുടെയും മറ്റു പ്രസ്ഥാന ബന്ധുക്കളുടെയും സൽക്കാരങ്ങൾ എന്നും ഒരു ആശ്വാസമായിരുന്നു.

കൊച്ചിയിലെ പ്രസ്ഥാന പ്രവർത്തകരിൽ പേരുകേട്ട സൽക്കാരപ്രിയരായിരുന്നു അബ്ദുൽജബ്ബാർമൗലവിയും പള്ളുരുത്തി ഹാജിയും. അബ്ദുൽ ജബ്ബാർ മൗലവി പടിഞ്ഞാറെ പള്ളിയുടെ അടുത്താണ് താമസിച്ചിരുന്നത്. ജമാഅത്തെ ഇസ്‌ലാമിയുടെ ഓഫീസും അവിടെത്തന്നെയായിരുന്നു. ഓഫീസിൽ ചെല്ലുമ്പോൾ ജബ്ബാർമൗലവിയുടെ വീട്ടിൽനിന്നാണ് പതിവായി ഭക്ഷണം കഴിച്ചിരുന്നത്. അദ്ദേഹത്തിന്റെ സൽക്കാരം പ്രസ്ഥാന ബന്ധുക്കളെ ഏറെ ആകർഷിച്ചിരുന്നു.

ആദ്യമായി ബിരിയാണി തിന്നുന്നത് അബ്ദുൽജബ്ബാർ മൗലവിയുടെ വീട്ടിൽ നിന്നാണ്. തീൻമേശയിൽ ബിരിയാണി കൊണ്ടുവന്നു വെച്ചു. എങ്ങനെയാണ് തിന്നേണ്ടതെന്ന് അറിയില്ല. ഞാനുടനെ കച്ചമ്പറെടുത്ത് ബിരിയാണിയിലേക്കൊഴിച്ചു. അതുകണ്ട് മൗലവി ഒന്നു പുഞ്ചിരിച്ചു. വിഡ്ഢിത്തമാണ് ചെയ്തതെന്ന് മനസ്സിലായി. മറ്റുള്ളവരെ നോക്കി ബിരിയാണി കഴിക്കാൻ പഠിച്ചു.

### മലപ്പുറം സമ്മേളനം(1969)

1960ലെ കോഴിക്കോട്-മൂഴിക്കൽ സമ്മേളനത്തിനുശേഷം നീണ്ട ഒമ്പതു വർഷം ജമാഅത്തിന്റെ സംസ്ഥാന സമ്മേളനങ്ങളൊന്നും നടന്നിരുന്നില്ല. 1969 ജനുവരി 10-ന് സംസ്ഥാന സമ്മേളനത്തെക്കുറിച്ച് ആലോചിക്കാൻ കെ.സിയുടെ അധ്യക്ഷതയിൽ മലപ്പുറത്ത് ഒരു യോഗം ചേർന്നു. ആ യോഗത്തിൽ മാർച്ച് 8, 9 തീയതികളിൽ മലപ്പുറത്തുവെച്ച് സമ്മേളനം നടത്താൻ തീരുമാനിച്ചു.

വളരെച്ചുരുങ്ങിയ കാലയളവു മാത്രമേ പ്രചാരണ പരിപാടികൾക്ക് ഉണ്ടായിരുന്നുള്ളൂ. അതിനാൽത്തന്നെ സമ്മേളനം കഴിയുന്നതുവരെ വിശ്രമമില്ലാത്ത നീണ്ട യാത്രകളും പരിപാടികളുമായിരുന്നു. കേരളത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ സമ്മേളന പ്രചാരണ പരിപാടികൾ, പ്രസംഗപരിശീലന ശിൽപ്പശാലകൾ, വളണ്ടിയർ ക്യാമ്പുകൾ.......

സമ്മേളനത്തിന്റെ രണ്ടുദിവസം മുമ്പ് ഞാൻ സമ്മേളന നഗരിയിലെത്തി. അവിടെ ഒരുക്കങ്ങളൊന്നും പൂർത്തിയായിട്ടില്ല. എല്ലാ പ്രവർത്തകരും ക്ഷീണിതരാണ്. തലേദിവസം ഉച്ച കഴിഞ്ഞതോടെ സ്പെഷൽ ബസ്സുകളിലും ലോറികളിലും കാറുകളിലുമായി പ്രതിനിധികൾ എത്താൻ തുടങ്ങി. ഇശാഅ് നമസ്കാരമായപ്പോഴേക്കും പതിനായിരക്കണക്കിന് പ്രതിനിധികൾ എത്തിച്ചേർന്നു. അപ്പോഴും സമ്മേളനത്തിന്റെ ഒരുക്കങ്ങൾ പൂർത്തിയായിട്ടില്ല. സമ്മേളന ദിവസം സുബ്ഹ് നമസ്കാരത്തിന്റെ തൊട്ടുമുമ്പാണ് ഒരുക്കങ്ങൾ പൂർത്തിയാകുന്നത്.

എട്ടാം തീയതി വൻ ജനസാന്നിധ്യത്തോടെ ആരംഭിച്ചു. മൗലാനാ മുഹമ്മദ് യൂസുഫ് സാഹിബും ഹാമിദ് ഹുസൈൻ സാഹിബുമായിരുന്നു പ്രധാന അതിഥികൾ. ആദ്യമായി വനിതകൾക്ക് പ്രത്യേക സെഷൻ സംഘടിപ്പിക്കുന്നത് ഈ സമ്മേളനത്തിലാണ്. യു. ശരീഫ, കെ.ടി ആസിയ, എ.കെ നഫീസ, എം.സി ആമിന തുടങ്ങിയവരാണ് പ്രസംഗകർ. സമ്മേളനത്തിന്റെ ഭാഗമായി അമുസ്‌ലിം പ്രതിനിധികളെക്കൂടി പങ്കെടുപ്പിച്ചു നടത്തിയ സിമ്പോസിയത്തിൽ ടി.പി കുട്ടിയാമു സാഹിബ്, പി.ടി ഭാസ്കരപ്പണിക്കർ, എൻ.വി കൃഷ്ണവാര്യർ, എ.പി.പി നമ്പൂതിരി, എ.എം പത്രോണി തുടങ്ങിയവർ പങ്കെടുത്തു. ഇ.എം.എസ്സിന്റെ സന്ദേശം ചടങ്ങിൽ വായിച്ചു.

ഒമ്പതുവർഷത്തെ ഇടവേളക്കു ശേഷം നടത്തിയ സമ്മേളനം അക്കാലത്തിനിടക്ക് സംസ്ഥാനത്ത് പ്രസ്ഥാനത്തിനുണ്ടായ അഭൂതപൂർവമായ വളർച്ചകാണിക്കുന്നതായിരുന്നു. 1500 പേർ വളണ്ടിയർ സേവനം അനുഷ്ഠിച്ചു. 10000 പുരുഷന്മാർക്കും 2000 സ്ത്രീകൾക്കും ഇരിക്കാനുള്ള പന്തലാണ് പ്രതിനിധിസമ്മേളനത്തിന് ഒരുക്കിയിരുന്നത്. പൊതുസമ്മേളനത്തിൽ അരലക്ഷത്തിലധികം ആളുകൾ എത്തിയതായാണ് കണക്ക്.

(തുടരും)

rashadaluva@gmail.com